File No.EXC/1261/2022-XE9

**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 26/03/2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-EXC9/2022/EXCISE</u>**

വിഷയം: എക്സൈസ് ഭരണപരം - റിപ്പബ്ലിക് ദിനം/സ്വാതന്ത്ര്യദിനം എന്നീ ദിനാഘോഷങ്ങളിൽ ഓഫീസ് മേലധികാരി ദേശീയപതാക ഉയർത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം എന്നീ ദേശീയദിനങ്ങളിൽ എല്ലാ പബ്ലിക് ഓഫീസുകളിലും ആദരപൂർവ്വം ദേശീയ പതാക ഉയർത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. പ്രസ്തുത ദിനങ്ങളിൽ ദേശീയ പതാക ഉയർത്തേണ്ടത് ബന്ധപ്പെട്ട ഓഫീസിലെ മേലധികാരിയാണ്. പ്രത്യേകിച്ചും സേനയിലെ അംഗമെന്ന നിലയിൽ ഓഫീസ് മേധാവിയും മറ്റ് കീഴ് ഉദ്യോഗസ്ഥരും ദേശീയ പതാക ഉയർത്തുന്ന ചടങ്ങിൽ പങ്കെടുത്ത് ആദരപൂർവ്വം സല്യൂട്ട് നൽകി പൊതു സമൂഹത്തിൽ വകുപ്പിന് യശസ്സ് ഉണ്ടാകുന്ന തരത്തിൽ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ചുരുക്കം ചില ഓഫീസ് മേധാവികൾ ടി ദിവസം അവധിയിൽ പോകുന്നതായും മറ്റും ശ്രദ്ധയിൽപ്പെട്ടുവരുന്നു.

മേൽ സാഹചര്യത്തിൽ ഭാവിയിൽ റിപ്പബ്ലിക്ദിനം,സ്വാതന്ത്ര്യദിനം എന്നീ ദിവസങ്ങളിൽ റിപ്പബ്ലിക്ദിന/സ്വാതന്ത്ര്യദിന പരേഡിലോ മറ്റോ പങ്കെടുക്കുന്ന ഓഫീസ് മേധാവി ഒഴികെയുള്ള എല്ലാ ഓഫീസ് മേധാവിമാരും സർക്കാർ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം ദേശീയപതാക ഉയർത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. കീഴ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുക്കുന്നുവെന്ന് ഓഫീസ് മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. ടി നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

Signature valid
**S. AANANTHAKRISHNAN IPS**
Digitally signed by Aananthakrishnan S
Date: 2022.03.26 09:54:43 IST
Reason: Approved
**എക്സൈസ് കമ്മീഷണർ**

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം,എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ (എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
6. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാം)
7. എക്സൈസ് ഇൻസ്പെക്ടർ (എല്ലാം)
8. കരുതൽ ഫയൽ/സർക്കുലർ ഫയൽ